

EID-UL-ADHA SERMON / വലിയ പെരുന്നാൾ ഖുതുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

12 AUGUST 2019

10 DHUL-HIJJAH 1440 AH

# THE PRAYER OF HAZRAT IBRAHIM (AS)
# ഹസ്രത് ഇബ്റാഹീം (അ)ന്റെ പ്രാർത്ഥന

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **ഹസ്രത് ഇബ്റാഹീം (അ)ന്റെ പ്രാർത്ഥന** എന്ന വിഷയത്തെ ആസ്പദമാക്കി **വലിയ പെരുന്നാൾ ഖുതുബ** ആരംഭിക്കുകയുണ്ടായി.

(അദ്ദേഹം പ്രാർത്ഥിച്ചു) എന്റെ നാഥാ! നീ എനിക്ക് സദ്വൃത്തരിൽപെട്ട സന്തതികളെ നല്കേണമെ അപ്പോൾ സഹനശീലനായൊരു സുതനെകുറിച്ച് നാം അദ്ദേഹത്തിന് സുവിശേഷം നല്കി. ഈ പ്രാർത്ഥന വിശുദ്ധഖുർആനിൽ അധ്യായം 37ൽ 101,102 വചനങ്ങളിൽ നിങ്ങൾക്ക് കാണുവാൻ കഴിയും. പ്രസ്തുത പ്രാർത്ഥന ഹസ്രത് ഇബ്റാഹീം (അ) അല്ലാഹു(ത)യുടെ മുൻപാകെ സമർപ്പിച്ചതാണ്.

പ്രസ്തുത പ്രാർത്ഥന ഇപ്രകാരമാണ്. റബ്ബി ഹബ് ലി മിനസ്സ്വാലിഹീൻ എന്റെ രക്ഷിതാവോ എനിക്ക് നീ നല്ലവനായി (ഒരു കുട്ടിയെ) എനിക്ക് നല്കണേമെ! അല്ലാഹു(ത)യോട് പ്രസ്തുത ദുആ ഇബ്റാഹീം (അ) സമർപ്പിച്ചശേഷം എന്താണ് സംഭവിച്ചത് ? പ്രസ്തുത പ്രാർത്ഥന സർവ്വശക്തനായ അല്ലാഹു സ്വീകരിക്കുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്ക് അംഗീകാരം നല്കുന്നു. ബഷ്ഷർ നാഹു ബിഗുലാമിൻ ഹലീമിൻ നാം അദ്ദേഹത്തിന് സന്തോഷവാർത്ത നല്കി, ക്ഷമാശീലനായ ഒരു പുത്രനെ നല്കാമെന്ന്.

ഇബ്റാഹീം(അ) ചെയ്ത ദുആ സ്വീകാര്യതയെകുറിച്ച് ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനം എങ്ങനെയാണ് പൂർത്തീകരിക്കപ്പെട്ടതെന്നും അത് നമ്മെ പഠിപ്പിക്കുന്നു. സഹനശീലനും സുന്ദരനുമായ ഒരു കുട്ടിയുടെ

ജനനത്തെ പറ്റിയുള്ള സന്തോഷ വാർത്ത നല്കിയപ്പോൾ, അത് പൂർത്തീകരിക്കപ്പെട്ടപ്പോൾ, പ്രാർത്ഥനയും പ്രാർത്ഥനയുടെ ഉത്തരവും നമ്മെ ആഴത്തിൽ ചിന്തിപ്പിക്കേണ്ടതുതന്നെയാണ്. കുട്ടി പക്വതയിലെത്തിയപ്പോൾ തന്റെ പിതാവിനോടൊപ്പം സഞ്ചരിക്കുവാൻ പ്രായമായപ്പോൾ, കുട്ടിയുടെ പിതാവായ ഹസ്രത് ഇബ്റാഹീം(അ) അവനോട് പറഞ്ഞു. എന്റെ മകനെ ഞാൻ നിന്നെ ബലിയർപ്പിക്കുന്നതായി, സ്വപ്നത്തിൽ കാണുകയുണ്ടായി. ഇതു സംബന്ധമായി നിന്റെ അഭിപ്രായമെന്താണ്? മകൻ പറഞ്ഞു. പിതാവേ! അങ്ങയോട് കല്പിക്കപ്പെട്ടതുപോലെ അങ്ങ് പ്രവർത്തിക്കുക. ദൈവേച്ഛയാൽ, അങ്ങ് എന്നെ സഹനശീലരിൽ ഉൾപ്പെട്ടതായി കാണുന്നതാണ്. (അസാധാരണമായ നിലയിൽ സഹനതകൈക്കൊള്ളുന്നവനായി കാണുന്നതാണ്)

ഈ വചനത്തിൽ അല്ലാഹു(ത) ഓർമ്മപ്പെടുത്തുന്നത് ക്ഷമയെകുറിച്ചാണ്. സംയമനം പാലിക്കുന്നവരെ സംബന്ധിച്ച്, സഹനശീലം പ്രദർശിപ്പിക്കുന്നവരെ കുറിച്ച്! ഇത്തരം ക്ഷമ, സഹനത, സംയമനം ഹസ്രത് ഇബ്റാഹീം (അ)ന്റെ മകൻ, ബലി അർപ്പണസമയത്ത് പ്രകടിപ്പിക്കുകയുണ്ടായി. അതുകൊണ്ടാണ് പ്രസ്തുത കുട്ടി, ഹസ്രത് ഇസ്മായീൽ(അ) ഇപ്രകാരം പറയുകയുണ്ടായത്. ഇൻശാഅല്ലാഹ് സംയമനം പാലിക്കുന്നവരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്.

അല്ലാഹുവിന്റെ വഴിയിലുള്ള ബലിഅർപ്പണ വിഷയം ക്ഷമയുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ക്ഷമ ഇല്ലെങ്കിൽ, ത്യാഗം അഥവാ ബലിഅർപ്പണം തന്നെ ഫലശൂന്യമാണ്. സമ്പൂർണ്ണമായ ആത്മാർത്ഥതയിലൂന്നിയ പ്രഖ്യാപനം ഹസ്രത് ഇസ്മാഈൽ(അ) പ്രസ്തുത ദിനത്തിൽ നടത്തിയില്ലായിരുന്നുവെങ്കിൽ അതായത് ഇൻശാ അല്ലാഹ്, എന്നെ താങ്കൾ ക്ഷമാലുക്കളുടെ കൂട്ടത്തിൽ കണ്ടെത്തുന്നതാണ്, എന്ന് പ്രഖ്യാപിച്ചില്ലായിരുന്നെങ്കിൽ ത്യാഗത്തിന്റെ അഥവാ ബലിഅർപ്പണത്തിന്റെ യഥാർത്ഥ അർത്ഥം തന്നെ നഷ്ടപ്പെട്ടു പോകുമായിരുന്നു. അങ്ങനെ ആയിരുന്നുവെങ്കിൽ ത്യാഗത്തിന്റെ യഥാർത്ഥമായ ലോകത്തുനിന്നും അകന്നു പോകുമായിരുന്നു. അപ്രത്യക്ഷമാകുമായിരുന്നു.

ഇതേ വിഷയം തന്നെയാണ്, അതായത് ക്ഷമ അതുതന്നെയാണ് തുടർന്നുവരുന്ന വചനങ്ങളിലും വ്യക്തമാക്കുന്ന

ത്. ഇതേ നിലയിലുള്ള ക്ഷമ തന്നെയാണ്, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ കാലഘട്ടത്തിലെ എല്ലാ വിജയങ്ങൾക്കും കാരണമായി തീർന്നത്. പ്രസ്തുത ക്ഷമ വീണ്ടും നിലനിർത്തപ്പെടുകയും പ്രത്യക്ഷപ്പെടുകയും ചെയ്യുകയുണ്ടായി. അത്തരം ഒരു ക്ഷമ, അത്തരം ഒരു മാതൃക (മാനവകുലത്തിന് വേണ്ടി) മറ്റൊരു നൂറ്റാണ്ടിലും, മറ്റൊരു പ്രവാചകന്മാരുടെ കാലഘട്ടത്തിലും വെളിവാക്കപ്പെടുകയുണ്ടായിട്ടില്ല. പ്രസ്തുത കാലഘട്ടത്തിലെയും മറ്റു കാലഘട്ടങ്ങളിലെയും വ്യത്യാസം, അതായത് അല്ലാഹു(ത) ഹസ്രത് ഇബ്റാഹീം(അ)ന്റെ ഹൃദയത്തിലേക്ക് നോക്കിയപ്പോൾ അല്ലാഹു(ത) അദ്ദേഹത്തിന്റെ ത്യാഗത്തിന്റെ സത്ത അതിൽ ദർശിക്കുകയുണ്ടായി. അല്ലാഹു(ത) അദ്ദേഹത്തിന്റെ മകനെ ബലിഅർപ്പിക്കുന്നതിൽ നിന്നും അദ്ദേഹത്തെ രക്ഷിക്കുകയുണ്ടായി. അതുകൊണ്ടാണ് അല്ലാഹു(ത)സൂറഃഅസ്സ്വഫ്ഫാത്തിലെ 104-106 വചനങ്ങളിൽ ഇപ്രകാരം പറയുകയുണ്ടായത്. അങ്ങനെ അവരിരുവരും (അല്ലാഹുവിന്റെ കല്പനയ്ക്ക്) കീഴടങ്ങുകയും അദ്ദേഹം (പിതാവ്) അവനെ (മകനെ) ചെന്നിയിൽ ചരിച്ചുകിടത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തെ നാം വിളിച്ചു പറഞ്ഞു. ഓ ഇബ്റാഹിം തീർച്ചയായും നീ സ്വപ്നത്തെ സാക്ഷാൽക്കരിച്ചിരിക്കുന്നു. ഇപ്രകാരം തന്നെയാണ് സുകൃതവാന്മാർക്ക് നാം പ്രതിഫലം നല്കുക.

നിങ്ങൾ ഈ വചനങ്ങൾ വായിക്കുകയും അവയെ അപഗ്രഥിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾക്കൊരു കാര്യം മനസ്സിലാകും, ഈ വചനങ്ങൾ കൊണ്ടർത്ഥമാക്കുന്നത്, ഭാവിയിലും ഇത്തരം സമയങ്ങൾ ആസന്നമാകുന്നതാണ്, അപ്പോൾ അത്തരം കുട്ടികൾ അവരുടെ ചെന്നിചരിച്ച് വെച്ചു കൊടുക്കുന്നതാണ്. അല്ലാഹുവിന്റെ പാതയിൽ അറക്കപ്പെടുന്നതിനായി, ഇപ്രകാരം ആക്കുന്നത് അവരുടെ പിതാക്കന്മാരായിരിക്കില്ല, മറിച്ച് അവരെ മറ്റുള്ളവർ കശാപ്പു ചെയ്യുന്നതാണ്. അതായത് ഇത്തരം ആളുകളുടെ മേൽ അവർ നിസ്സഹകരണം ഏർപ്പെടുത്തുകയും, പീഢനങ്ങൾക്ക് വിധേയമാക്കുകയും, അവരുടെ നേരെ ശത്രുത സൃഷ്ടിച്ച് വിഷമിപ്പിക്കുകയും, എല്ലാവിധ പ്രയാസങ്ങളും അവരുടെമേൽ അടിച്ചേല്പിക്കുകയും, ഇവയൊക്കെ കത്തി തൊണ്ടയിൽ വെച്ച് അറുക്കുന്നതിന് തുല്യമായ നിലയിലുള്ള

പ്രവർത്തനങ്ങൾ തന്നെയാണ്. ഈ കുട്ടികൾ ഇത്തരം സന്ദർഭങ്ങളിൽ അസാധാരണമായ നിലയിലുള്ള ക്ഷമ കൈക്കൊള്ളുന്നവരായിരിക്കും. ഹസ്രത് യിസ്മായീൽ നബി(അ)ന്റെ സന്താനപരമ്പരയിൽപ്പെട്ടവരാണ് തങ്ങളെന്ന് അവർ സ്വയം സമർത്ഥിക്കുന്നതാണ്, തെളിയിക്കുന്നതാണ്. ഇബ്റാഹീം(അ) ചെയ്ത ദുആയുടെ സാരാംശം ഉൾക്കൊണ്ടവരാണ് തങ്ങളെന്ന് അവർ അവരുടെ ജീവിതത്തിലുടെ വെളിപ്പെടുത്തന്നവരായിരിക്കും. അസാധാരണമായ നിലയിൽ ഹസ്രത് യിസ്മായീൽ(അ)ന്റെ ബലി അർപ്പിക്കുവാൻ തയ്യാറായ ഇബ്റാഹീം (അ) നെ പോലെ തങ്ങൾ ഉണർന്ന് ഉയർന്ന് പ്രവർത്തിക്കുന്നവരാണ് തങ്ങളെന്ന് ജീവിതത്തിലൂടെ തെളിയിക്കുന്നതാണ്. ഈ കുട്ടികൾ അതിമഹത്തായ ക്ഷമ പ്രകടിപ്പിച്ചുകൊണ്ട് യിസ്മായീൽ(അ) പ്രകടിപ്പിച്ച ത്യാഗത്തിന് സന്നദ്ധരാകുന്നവരാണ്. പ്രസ്തുത സന്താനപരമ്പരയിലെ -സമ്പൂർണ്ണമായ ഒരാളാണ്-ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഒരു വഴിയിൽ ശാരീരകമായും, ആത്മീയമായും അദ്ദേഹം ഹസ്രത് ഇബ്റാഹീം(അ)ന്റെയും ഹസ്രത് യിസ്മായീൽ(അ)ന്റെയും സന്താനപരമ്പരയിൽപ്പെട്ട ആളാകുന്നു. മറ്റൊരു രീതിയിൽ അദ്ദേഹം ഖാത്തമുഅമ്പിയ്യീനുമാകുന്നു. (എല്ലാ പ്രവാചകന്മാരുടെയും മുദ്ര) ഹസ്രത് യിസ്മായീൽ (അ)ന്റെ പിതാവും കൂടിയാകുന്നു അദ്ദേഹം.

ആയതിനാൽ, ഈ രക്തബലി, അതായത് മൃഗബലി, (ഈദുൽ അദ്ഹവേളയിൽ)യിലൂടെ, നിങ്ങൾ അവരുടെ (കുട്ടികളുടെ) സമ്മതപ്രകാരം അല്ലാഹുവിന്റെ പാതയിൽ അവരെ അർപ്പണം ചെയ്യുക കൂടിയാണ് ചെയ്യുന്നത്. ഹസ്രത് മുഹമ്മദ്(സ)യും അദ്ദേഹത്തിന്റെ ആളുകളും ഈ വഴി, ഈ ത്യാഗവഴി പിന്തുടരുകയാണ് ചെയ്യുന്നത്. അല്ലാഹു(ത) പറയുകയുണ്ടായി. നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അല്ലാഹുവിന്റെ വഴിയിൽ, നിങ്ങളുടെ കുട്ടിയെ നിങ്ങൾക്ക് ത്യാഗം ചെയ്യാം. നിങ്ങൾക്ക് ഈ അനുവാദം ലഭിക്കുന്നത് കുട്ടിയും അവൻ സ്വയം ഈ ത്യാഗത്തിന് തയ്യാറായി എന്നു പറഞ്ഞിരിക്കണം. അവൻ (കുട്ടി) പരിപൂർണ്ണമായും തയ്യാറായിരിക്കണം, എന്നിട്ടവൻ സ്വന്തം നിലയിൽ മുന്നോട്ട് അതിനായി തയ്യാറായി വരണം, അവൻ ക്ഷമ പ്രകടിപ്പിച്ചിരിക്കണം. കാരണം മിക്കവാറും അല്ലാഹുവിന്റെ പാതയിൽ അല്ലാഹു(ത) ആവശ്യപ്പെടുന്നത് അസാ

ധാരണമായ ക്ഷമയാണ്. ഒരു വിശ്വാസി ഏതുരാജ്യത്തായാലും ശരി, അവൻ അല്ലാഹുവിന്റെ പാതയിൽ ഒരു വേദന അനുഭവിക്കുകയാണെങ്കിൽ, മറ്റാളുകൾ അവന് ഒരല്പമെങ്കിലും ബുദ്ധിമുട്ടിന് കാരണക്കാരാവുകയാണെങ്കിൽ, മുഴുമുസ്ലിംകളും, ലോകമെങ്ങുമുള്ള വിശ്വാസികൾ പ്രസ്തുത വേദനയിൽ പങ്കുകൊള്ളേണ്ടതാണ്.

ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്ത് അല്ലാഹു(ത)യുടെ പാതയിൽ ജീവത്യാഗം വരിച്ചവരെ ഹസ്രത് ഇബ്റാഹീം (അ)ന്റെ കാലത്തെ ജീവത്യാഗവുമായി താരതമ്യം ചെയ്താൽ വളരെ നിസ്സാരമായിരുന്നു എന്നും മറ്റും പറയുന്നത് ശരിയായ കാര്യമല്ല. ഇതൊക്കെ സംഭവിച്ചത്, യാതൊരു രീതിയിലുമുള്ള സാഹോദര്യവും നിലവിലില്ലാതിരുന്ന ഒരു സമുദായത്തിലാണ് അഥവാ സമൂഹത്തിലാണ് അപ്പോൾ ഹസ്രത് യിസ്മായീൽ (അ)ന്റെ ത്യാഗം ഇതിനേക്കാൾ ഉപരിയായിരുന്നു എന്ന് പറയേണ്ടി വരും. കാരണം പ്രസ്തുത കാലഘട്ടത്തിൽ ഹസ്രത് ഇബ്റാഹീം(അ)തന്റെ മകനെ ഒരു മരുഭൂമിയിൽ ഉപേക്ഷിക്കുകയുണ്ടായി. അവിടെയോ അവർക്കായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പ്രസ്തുത വചനങ്ങളിലൂടെ ഒരു വസ്തുത അവശേഷിക്കുന്നു. അതായത് അല്ലാഹു(ത) പ്രസ്തുത വചനങ്ങളിലൂടെ സത്യത്തിന്റെ മറനീക്കുകയാണ്. അതായത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്ത്, അവിടെ വളർന്നുവന്ന ത്യാഗത്തിൽ രക്തത്യാഗവും ഉണ്ടായിരുന്നു എന്നതാണത്. വരും കാലങ്ങളിലെല്ലാം പ്രസ്തുത രക്തത്യാഗത്തിന്റെ സത്ത നിലനില്ക്കുന്നതാണ്. തന്റെ അനുചരന്മാരെ സൂചിപ്പിച്ചുകൊണ്ട് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. വിശ്വാസികളുടെ സംഘം ഒരൊറ്റ ശരീരം പോലയാകുന്നു. (ഉപമ) ഒരു മുള്ളു ഒരു കൈവിരലിൽ കൊണ്ടാൽ, പ്രസ്തുത വിരലിനെ വേദനിപ്പിച്ചാൽ, അത് നഖത്തിന്റെ അടിയിൽ മാത്രം ആണെങ്കിലും ശരി, അത് മുഴുവൻ ശരീരവും അതിന്റെ വേദന അനുഭവിക്കുന്നതാണ്.

അങ്ങനെ, വിശ്വാസികളുടെ സംഘത്തിന്, ഈ തോന്നലാണെങ്കിൽ, തങ്ങളുടെ സഹോദരങ്ങളുടെ വേദന തങ്ങളുടെ വേദനയാണെങ്കിൽ, ഒരാൾ കൊലചെയ്യപ്പെടുകയാണെ

ക്കിൽ, അത് തന്നെ ബാധിക്കാതെ, സുഖസൗകാര്യത്തോടെ സമാധാന പൂർണ്ണമായ ജീവിതം എങ്ങനെയാണ് നയിക്കുവാൻ കഴിയുന്നത്? എന്തുകൊണ്ടാണ് ഇത് നമ്മെ ബാധിക്കുന്നത്? ഇത്തരം ആളുകളെ പറ്റി നമുക്ക് പറയുവാൻ കഴിയുകയില്ല. (അതായത് മറ്റു സഹോദരങ്ങളുടെ വേദന അനുഭവപെടാത്ത വരെപറ്റി) വിശ്വാസികളുടെ സംഘമാണെന്ന്! ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞ സമുദായത്തിലെ സംഘമാണെന്ന്! (മ റ്റൊരു രീതിയിൽ പറഞ്ഞാൽ അത്തരം ആളുകൾ വിശ്വാസി കളുട സംഘം എന്ന നിലയിൽ, ഹസ്രത് മുഹമ്മദ്(സ) ഉദ്ദേശിച്ച തരത്തിൽ രൂപികൃതമായ സംഘമല്ല എന്ന് സാരം)

ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ആത്മീയ സന്താന ങ്ങളിൽ വിശ്വാസികളുടെ അതിമഹത്തായ ഒരു സംഘം ഉണ്ടായി രിക്കണം, അവർ ഹസ്രത് യിസ്മായീൽ (അ) ചെയ്തതുപോല യുള്ള ത്യാഗത്തിന്റെ കൊടുമുടിയിൽ വിരാജിക്കേണ്ടവരാണ്, ബാഹ്യമായ നിലയിലും ആന്തരികമായ നിലയിലും! അവർ വള രെയധികം ത്യാഗങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. കത്തിക്കു മുമ്പിൽ കഴുത്ത് നീട്ടികൊടുത്തുകൊണ്ട്! എന്നാൽ ഇത്തരം ത്യാഗങ്ങൾ സ്വന്തം ഇഷ്ടപ്രകാരമായിരിക്കണം അവർ ചെയ്യുന്നത്. ഈ ത്യാഗങ്ങൾ ഒരിക്കലും സമ്മർദ്ദ ത്യാഗങ്ങളാകരുത്! ഈ വിഷയം ശരിക്കും മനസ്സിലാക്കണം, മനസ്സിലാക്കാത്ത അനേകർ ഉണ്ട്! അല്ലാഹു(ത) വരുവാനായി വിളിക്കുന്നു. സ്വമനസ്സാലയോ അഥവാ നിർബന്ധിതരായോ അപ്പോൾ നാം എന്താണ് മനസ്സി ലാക്കേണ്ടത്? കുറച്ചാളുകൾ ഉണ്ട്, അവരിവിടെയുണ്ട് അവർ യഥാർത്ഥമായ നിലയിൽ നിഷ്ക്കളങ്കരാണ്, അവർ ദൈവീക വിളികൾക്ക് ഉത്തരം ചെയ്യുന്നവരാണ്, എന്നിട്ടവർ പറയുന്നു, ഞങ്ങളിതാ സ്വയം വന്നിരിക്കുന്നു. ചില ആളുകൾ ചോദിക്കുന്നു അല്ലാഹു(ത) ബലാൽക്കാരേണ വരണമെന്ന് പറയുന്നതിന്റെ അർത്ഥം എന്താണ്? എല്ലാ ആളുകളും സ്വമനസ്സാലെ വരുമാ യിരുന്നുവെങ്കിൽ, പിന്നെ എന്തിനാണ് ബലാൽക്കാരേണ എന്ന വാക്കുകൾ ഉപയോഗിച്ചത്! സത്യം ഇതാണ് ഈ രണ്ടു വിഷയ ങ്ങളും പ്രവർത്തി പഥത്തിൽ വരുന്നത്, ഒരേ സമയത്താണ്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്ത്, സാഹചര്യം തികച്ചും ഇങ്ങനെ തന്നെയായിരുന്നു, ഒരളവോളം ഓരോ നൂറ്റാണ്ടിലും സമാഗതരാകുന്ന പ്രവാചകന്മാരുടെ കാലത്തും

സാഹചര്യം അങ്ങനെതന്നെ ആയിരിക്കുന്നതാണ്. അക്രമികൾ ത്യാഗങ്ങൾ അർപ്പിക്കുന്നതു അവരുടെ ഇഷ്ടത്തിനെതിരായിട്ടായിരിക്കും. അതേ സമയം മുഅ്മിനീങ്ങൾ അവർ സ്വമേധയാ സ്വന്തം ഇഷ്ടപ്രകാരമായിരിക്കും ത്യാഗങ്ങൾ അർപ്പിക്കുന്നത്.

ആയതിനാൽ, ഒരു വിശ്വാസിയെപറ്റി ഒരാൾക്കു പറയുവാൻ കഴിയുകയില്ല, അവന്റെ ത്യാഗത്തിന് എത്ര മനോഹാരിതയാണ് എന്ന്! ശത്രുക്കൾ അവരെ പിടിച്ചു, അതുകൊണ്ട് അവന് മറ്റുവഴികളൊന്നുമില്ലായിരുന്നു. അതുകൊണ്ട് അവന് വേറൊന്നും ചെയ്യുവാൻ കഴിഞ്ഞതുമില്ല. അതുകൊണ്ട്, അവന്റെ ത്യാഗത്തിലെ ശോഭ എവിടെയാണുള്ളത്? ഇത്തരം ആളുകൾ (ഇത്തരം ചിന്തകളുള്ള ആളുകൾ) അവർക്കറിയില്ല യാഥാർത്ഥ്യം അറിയില്ല, സത്യത്തിൽ കുഫ്ർ (നിഷേധം)ന്റെ വാതിലുകൾ ഇത്തരം വിശ്വാസികളുടെ മുമ്പിൽ തുറന്നു കിടക്കുകയാണ്. (നിഷ്ക്കളങ്കരായ) വിശ്വാസികളോട് പറയപ്പെടുമ്പോൾ നോക്കൂ! മതനിരാസ (മുർതദ്ദ്) ത്തിന്റെ, കുഫ്ർ) നിഷേധം) ന്റെ, അവിശ്വാസത്തിന്റെ വാതിൽ, നിങ്ങൾക്കായി തുറന്നുകിടക്കുന്നു. നിങ്ങൾക്കു വേണമെങ്കിൽ, ഈ വാതിലിലൂടെ കടന്നുപോകാം, അങ്ങനെ നിങ്ങളുടെ ജീവനെ നിങ്ങൾക്ക് രക്ഷപ്പെടുത്താം, ധനത്തെ രക്ഷപ്പെടുത്താം, മാന്യതയെ സംരക്ഷിക്കാം അങ്ങനെ പലതും! എന്നാൽ ഇത്തരം നിഷ്ക്കളങ്ക വിശ്വാസികൾ, ഈ പറയപ്പെട്ട പൊള്ളയായ വാഗ്ദാനങ്ങളെല്ലാം നിരസിക്കുകയും, എന്നിട്ട് സ്വമനസ്സാലെ മരണത്തെ പുൽകുകയും ചെയ്യുന്നു.

ഇതുപോലെ, ദൈവീക ദൃഷ്ടാന്തത്തിന്റെ ആരംഭത്തിൽ 2001ൽ ആ ഫറോവ (ഈ നൂറ്റാണ്ടിലെ) പദാർത്ഥത്തിൽ പറഞ്ഞാൽ മുഖ്യഫറോവ, ദുർവൃത്തരാൽ ചുറ്റപ്പെട്ട മുഖ്യഫറോവയ്ക്ക് അഹ്മദിയ്യാ ഖലീഫയ്ക്ക് തെറ്റായ റിപ്പോർട്ടുകൾ ഈ വിനീതനിറങ്ങിയ ദൈവീക വെളിപാടുകൾ സംബന്ധമായി അയയ്ക്കുന്നു. അക്കാരണത്താൽ തന്നെ, ഞങ്ങൾ റിപ്പോർട്ടിൻ പ്രകാരം പുറത്താക്കപ്പെടുന്നു. അങ്ങനെ അക്രമികളുടെ ഒരു സംഘം, ഒരു പള്ളിതന്നെ, അടയ്ക്കുവാനുള്ള നിർദ്ദേശം നല്കുന്നു. പ്രസ്തുത ഈദുൽ അദ്ഹാ ദിനത്തിൽ, പുതിയ സഹസ്രവാർഷികത്തിൽ! ഐശ്വര്യത്തിന്റെയും സൗഖ്യത്തിന്റെയും യുഗത്തിൽ! വിശ്വാസികളുടെ ഒരു സംഘം രൂപികരിക്കുവാനുള്ള നിർദ്ദേശം അല്ലാഹു(ത)യിൽ നിന്നും അപ്പോൾ ലഭിക്കാ

ത്തതിനാൽ, ഞങ്ങൾ മൗറിഷ്യസിലെ തെക്ക് ഭാഗത്തുള്ള പള്ളിയിലേക്ക്, വളരെദൂരം സഞ്ചരിച്ച് ജുംആ നമസ്ക്കരിക്കുവാനായി പോവുകയുണ്ടായി. ഇത് പ്രസ്തുത അക്രമികളെ കൂടുതൽ കോപാകുലരാക്കി. ഞങ്ങൾ അവരുടെ സുന്ദരമായ ചെറിയ പാദത്തിൽ വീണ് മാപ്പ് ചോദിക്കുവാൻ അവർ ആഗ്രഹിച്ചു. അതായത് ഞങ്ങൾ അവരോട് പറയണം ഞങ്ങളുടെ ജീവിതം രക്ഷിക്കണം, ഞങ്ങളുടെ ധനം രക്ഷിക്കണം, ഞങ്ങളുടെ മാന്യത സംരക്ഷിക്കണം അങ്ങനെ പലതും! (അവർ കരുതി ഞങ്ങൾ അവരുടെ കാൽകീഴിൽ വീണ് യാചിക്കുമെന്ന്) അവരുടെ ഈ ദുഃസ്വപ്നങ്ങളൊക്കെ ഞങ്ങൾ വലിച്ചെറിഞ്ഞു. ഞങ്ങളതൊക്കെ നിരസിച്ചു. അവരുടെ ഈ കെണിയിൽ ഞങ്ങൾ വീണുപോയിരുന്നുവെങ്കിൽ, ആ സമയത്ത് ഈ വിനീതന്റെ മേൽ അല്ലാഹു(ത) ഇറക്കിയ വെളിപാടുകളൊക്കെ വ്യാജമായിരുന്നു എന്ന് സമ്മതിക്കലായിരുന്നു. അതിനൊരു പ്രാധാന്യവുമില്ല എന്നംഗീകരിക്കലാകുമായിരുന്നു. അതിൽ നിന്നും ഞങ്ങൾ അല്ലാഹുവിൽ അഭയം തേടുന്നു. മറ്റൊരുവാക്കിൽ പറഞ്ഞാൽ, ഹൃദയത്തിൽ സൃഷ്ടാവായ അല്ലാഹുവിനോടുള്ള ഭയത്തേക്കാൾ പ്രസ്തുത സൃഷ്ടികളോടാണ് ഭയം എന്ന് സമ്മതിക്കലാകുമായിരുന്നു അപ്രകാരം ഒരിക്കലും ഉണ്ടാകുവാൻ പാടില്ല! അതിനേക്കാൾ ഉത്തമം ശിരഛേദന യന്ത്രത്തിന്റെ മുമ്പിൽ ശിരസ്സ് വെച്ച് കൊടുക്കുന്നതാണ്. അറക്കുന്നതിനായി മൃഗങ്ങൾ തലനീട്ടിക്കൊടുക്കുന്നതുപോലെ, ഞാൻ എന്റെ തലനീട്ടിക്കൊടുക്കുന്നതാണ് നല്ലത്!

അങ്ങനെ ഈ അക്രമികൾ മനസ്സിലാക്കി, ഞങ്ങൾ ഇവരുടെ മുമ്പിൽ മുട്ടുമടക്കുന്നവരല്ലെന്ന്! നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ ചെയ്തു കൊള്ളുക (അല്ലയോ, ഹേ! അക്രമികളെ) എന്നാൽ എനിക്ക് ഒരിക്കലും മറക്കുവാൻ കഴിയുകയില്ല, സൗത്ത് മൗറിഷ്യസിലെ ഒരു പള്ളി നിങ്ങൾ അടച്ചകാര്യം, ഈദുൽ അദ്ഹാ പ്രാർത്ഥന അവിടെ വെച്ച് ഞങ്ങൾ നടത്തുവാൻ പോകുന്നു എന്നറിഞ്ഞപ്പോൾ! ഈ പള്ളിക്ക് ചുറ്റും അഹ്മദികളായിരുന്നു. അവരുടെ ഫറോവ, പ്രസ്തുത പള്ളിക്ക് ചുറ്റും താമസിക്കുന്ന അഹ്മദികൾക്ക് നിർദ്ദേശം നല്കി, നിങ്ങൾ അവിടം വിട്ടുപോവുക. അഹ്മദി പള്ളികൾ ഉള്ള സ്ഥലത്തേക്ക്. എന്നിട്ട് അവിടെ പോയി ഈദുൽഅദ്ഹ ആഘോഷിക്കുക, ചുരുക്കത്തിൽ അവരുടെ തൊട്ടടുത്തുള്ള പള്ളി വിട്ട്, ദൂരെയാത്ര ചെയ്ത് ഈദ്

ആഘോഷിക്കുവാൻ നിർദ്ദേശിക്കുകയാണ് ചെയ്തത് പ്രസ്തുത പള്ളിവിട്ടുപോകുവാൻ കല്പന ലഭിച്ചതിനെ തുടർന്ന് പ്രസ്തുത ഇടം ഒരു വലിയ സ്ഥലമായിരുന്നു അത് ഒരു അഹ്മദീ കുടുംബം സംഭാവനയായി നല്കിയതായിരുന്നു വളരെ വലിയത്യാഗത്തിന് ശേഷം, അതിലൊരു പള്ളിവെച്ചു. ഒരു അഹ്മദിയ്യാ സെന്റർ മൗറിഷ്യസ് തെക്ക് സ്ഥാപിക്കപ്പെട്ട താണ്. എന്നാൽ അൽഹംദുലില്ലാഹ് ! പ്രസ്തുത സമയത്ത്, അത്തരം ഒരു നിർദ്ദേശത്തിലൂടെ, ജനങ്ങളോട് കാണിച്ച അനീതി അവർ മനസ്സിലാക്കുകയും, അതായത് പള്ളി അട യ്ക്കുക എന്നിട്ട് ബഹുദൂരം സഞ്ചരിക്കുക എന്നിട്ട് ഈദുൽ അദ്ഹാ പ്രാർത്ഥ നടത്തുക, ഇതവർക്ക് അംഗീകരിക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ അവൻ ഒരു അഹ്മദിയുടെ വീട്ടിൽ വീണ്ടും ഒരുമിച്ചു കൂടി, അവരുടെ ഈദ് പ്രാർത്ഥന നിർവ്വ ഹിക്കുവാനായി!

ഞങ്ങളെ സംബന്ധിച്ചിടത്തോളം, ഞങ്ങൾ ഞങ്ങളുടേ തായ ക്രമീകരണങ്ങൾ ചെയ്തു. ഞങ്ങളോടു കാണിച്ച അനീ തിക്ക് സാക്ഷ്യം വഹിച്ച മറ്റു രണ്ടു കുടുംബങ്ങൾ ഈദ് പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ ഞങ്ങളോടൊപ്പം പൈലി സിലെ ഒരുവീട്ടിൽ ചേരുകയുണ്ടായി. ഞങ്ങളെ സംബ ന്ധിച്ചിടത്തോളം ഞങ്ങളുടെ മുൻഗണന ഞങ്ങളുടെ സൃഷ്ടാ വിനായിരുന്നു. എണ്ണമറ്റ പദ്ധതികൾ ഉണ്ടായിരുന്നിട്ടും, പിന്നിൽ നിന്ന് കുത്തൽ ഉണ്ടായിരുന്നിട്ടും, പീഢനങ്ങൾ ഉണ്ടായിരുന്നിട്ടും ത്യാഗത്തിനായി സ്വയം സന്നദ്ധരായി ഞങ്ങൾ മുന്നോട്ട് വരികയുണ്ടായി. ഞങ്ങൾക്കെതിരായി ശത്രുത നിറയ്ക്കുന്നതിനായി, അവരുടെ എല്ലാ മിമ്പറുകളും ഉപയോഗിക്കുകയുണ്ടായി. അഹ്മദിയ്യാ പള്ളികൾ ശത്രുത പര ത്തുവാനായി ഉപയോഗിക്കുകയാണ് ചെയ്തത്. അവർ എന്തെല്ലാം തന്ത്രങ്ങൾ മെനഞ്ഞിട്ടും, ഞങ്ങൾ ഞങ്ങളുടെ നില പാടിൽ ഉറച്ചു നിന്നു. ത്യാഗവഴി അംഗീകരിക്കപ്പെടുക യുണ്ടായി.

ജനങ്ങൾക്ക് ഇതിനെ കാണുവാൻ കഴിയുന്നതാണ്. ഈ ത്യാഗം വരിക്കുവാൻ ഞങ്ങൾ നിർബന്ധിതരായി തീരുക യാണുണ്ടായത് എന്ന് ! എന്നാൽ അതോടൊപ്പം സ്വന്തം ഇഷ്ട പ്രകാരം ചെയ്ത ഒരു പ്രവർത്തിയാണ് ഇതെന്നും മനസ്സി ലാക്കാവുന്നതാണ്. ഞങ്ങൾ ഞങ്ങളുടെ പാത തെരഞ്ഞെടു

ത്തു. നന്മയ്ക്കും തിന്മയ്ക്കും ഇടയിൽ നിന്നും! ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ സൃഷ്ടാവിനാണ് പ്രഥമ സ്ഥാനം. അങ്ങനെ എല്ലാ പദ്ധതികളെയും, പീഢനങ്ങളെയും, മാംസം തിന്നലിനെയും അതിജീവിച്ച്, ഞങ്ങൾ സ്വയം സന്നദ്ധരായി ത്യാഗത്തിനായി മുന്നോട്ടു വരികയുണ്ടായി. പ്രസ്തുത സമയത്ത്, അത്തരം പീഢനാവരസങ്ങളിൽ, ഞങ്ങൾ അവരുടെ സമ്മർദ്ദത്തിനും, ആവശ്യങ്ങൾക്കും മുമ്പിൽ, വഴങ്ങേണ്ട നിലയോളം എത്തി, എന്നാൽ ഞങ്ങൾ കീഴടങ്ങിയില്ലാ എന്തു തന്നെ സംഭവിച്ചിട്ടും! ഞങ്ങളുടെ സൃഷ്ടാവിനോടുള്ള അനുസരണത്തിനെ ഭേദിക്കുവാൻ ഒരാൾക്കും കഴിഞ്ഞില്ല. പ്രസ്തുത ത്യാഗങ്ങൾ ഞങ്ങൾ സന്തോഷത്തോടെ ഏറ്റെടുത്തു. ഈ ത്യാഗങ്ങളിലൂടെയാണ്. ഇന്ന് അല്ലാഹു(ത) ഈ വിനീത ദാസനെ വിശ്വാസികളുടെ ഒരു സംഘത്തോടൊപ്പം ഉയർത്തിയിരിക്കുന്നത്.

ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ അനുചരന്മാരായ സഹാബെ കിറാമിലൂടെയാണ്, ഈ ത്യാഗാവേശം ആരംഭമാകുന്നത്, അല്ലാഹുവിന്റെ വഴിയിൽ വളരെ ഊർജ്ജ സ്വലതയോടെ അവർ, അവരെ സ്വയം സമർപ്പിക്കുകയായിരുന്നു. ഹസ്രത് ഇബ്രാഹീം (അ)ന്റെ ത്യാഗമനോഭാവത്തിലൂടയുള്ള മഹത്തായ പ്രകാശത്തിന്റെ എല്ലാ കിരണങ്ങളും അവർ പ്രത്യക്ഷപ്പെടുത്തുകയുണ്ടായി. ഹസ്രത് യിസ്മായീൽ (അ)ന്റെ പുതിയ പ്രകാശം, ത്യാഗത്തിലൂടെ വീണ്ടും ലോകത്തിന് കാണിച്ചുകൊടുക്കുകയായിരുന്നു. അവർ ഇതിലൂടെ ഒരു പുതുജീവിതം നല്കുകയുണ്ടായി. അങ്ങനെ ഒരാളിന്റെ ത്യാഗം ആയിരങ്ങളുടെയും ലക്ഷങ്ങളുടെയും ത്യാഗങ്ങളായി മാറുകയുണ്ടായി. അങ്ങനെ പ്രസ്തുത ത്യാഗം വരും കാലങ്ങളിലും കാലകാലം തുടർന്നുകൊണ്ടെയിരിക്കും. അങ്ങനെ, ഇന്ന്, നാമും അത്തരം ഒരു ത്യാഗത്തിന്റെ കാലത്തിലൂടെയാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത സഹാബാക്കൾ കടന്നുപോയ വഴികളിലൂടെ തന്നെയാണ് നാമും പൊയ്ക്കൊണ്ടിരിക്കുന്നത്. ആയതിനാൽ നാമും പ്രസ്തുത ത്യാഗം ഇവിടെ പുനഃർജീവിപ്പിക്കേണ്ടതായിട്ടുണ്ട്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) നമുക്ക് പഠിപ്പിച്ചു തന്നെ അതേ പാഠം, അതേ മാനസികനിലയോടെ, ദൃഢതയോടെ യിസ്മായീൽ(അ) മും വരിച്ച ത്യാഗവഴികളിലൂടെ തന്നെ! തീർച്ചയായും

നാമും ഇന്ന് അതേ മാനസിക നിലയിലുള്ള ഉറച്ച തീരുമാനത്തിലൂടെ തന്നെയാണ് നമ്മെയും ഉയർത്തിയിരിക്കുന്നത്. തീർച്ചയായും ഇത് അല്ലാഹു(ത)യുടെ ഒരു വലിയ അനുഗ്രഹം തന്നെയാണ്. എനിക്കിതിനെ കാണാൻ കഴിയുന്നത്, നമ്മുടെ മേൽ ദൃശ്യമായ അല്ലാഹുവിന്റെ അനുഗ്രഹം തന്നെയായിട്ടാണ്. ജമാഅത്തുസ്സഹീൽ ഇസ്ലാമിന്റെ മേൽ പ്രത്യക്ഷപ്പെട്ട അനുഗ്രഹം! ഈ വാഗ്ദാനം പൂർത്തീകരിക്കപ്പെടുന്നതും നമ്മളിലൂടെയാണ്. നാമാണ് ഈ വാഗ്ദാനം പൂർത്തിയാക്കേണ്ടത് അൽഹംദുലില്ലാഹ്!

ലോകമെമ്പാടും ഈ അക്രമികൾ, എല്ലാ സ്ഥലത്തും, നമ്മുടെ അംഗങ്ങൾ എവിടെയുണ്ടോ അവിടെ എല്ലാം നമ്മുടെ അംഗങ്ങളുടെ ഹൃദയവും മനസ്സും മാറ്റുന്നതിനായി കഠിയത്നം ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ആയാൽ അവരും അവരുടെ വിഗ്രഹവും പറയുന്നത് അവർ കേൾക്കുമല്ലോ, അംഗീകരിക്കുമല്ലോ. അല്ലാഹു(ത) അവരോട് പറഞ്ഞത് അവർ നിരസിക്കുമല്ലോ! ഈ ദുഃർവൃത്തർ പറയുന്നത് നിങ്ങൾ ഇത് ചെയ്യുകയാണെങ്കിൽ (അതായത് നേർപാത ഉപേക്ഷിക്കുക, ദൈവീക ദൃഷ്ടാന്തത്തെ കൈവിടുക) ഞങ്ങൾ നിങ്ങളെ ആലിംഗനം ചെയ്യാം, ഞങ്ങൾ നിങ്ങൾക്ക് പൂമാല ഇട്ട് തരാം. നിങ്ങളെ ആദരിക്കാം. നിങ്ങൾക്കുവേണ്ടി ഞങ്ങൾ പാർട്ടികൾ സംഘടിപ്പിക്കാം. നിങ്ങളെ ആദരിക്കാനായി കേക്കുകൾ വിതരണം ചെയ്യാം.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സഹോദരീ സഹോദരന്മാരുടെ ഹൃദയങ്ങളിൽ ഭയമിട്ടുകൊടുക്കുവാൻ ഈ അക്രമികൾ ശ്രമിക്കുകയാണ്. നിങ്ങളെ രക്ഷിക്കുവാൻ ഒരാളും കാണുകയില്ല എന്ന് അവരെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുകയാണ്. രക്ഷിക്കുവാൻ അവരെ പോലെയുള്ള ദുർവൃത്തർ മാത്രമെ കാണുകയുള്ളു. എന്നിട്ടവർ ഇതുകൂടി പറയുന്നു. ഞങ്ങൾ നിങ്ങളുടെ മുൻപിൽ രണ്ടു പാതകൾ തുറന്നു വെയ്ക്കുകയാണ്. നിങ്ങൾ ഒന്നുകിൽ സ്വയമേവ ഞങ്ങളിലേക്ക് വരിക. അല്ലെങ്കിൽ നിങ്ങൾ നിർബന്ധിതമായ നിലയിൽ വരുക. ഏതു വഴിയിലൂടെയാണെങ്കിലും ശരി, നിങ്ങൾ വരണം.

അവരുടെ ഈ ദുഷ്ട പദ്ധതികളെല്ലാം ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾ നിരസിക്കുന്നതു കാണുമ്പോൾ, അവർ, അവരെ വിശ്വസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങളുമായി

മുന്നോട്ടു വരികയാണ്. അവർ അവർക്ക് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല. അങ്ങനെ ഈ സാത്താൻമാർ ഇതു കൂടി പറയുന്നു. നാം എന്തൊക്കെ അവരുടെ മുൻപാകെ വെച്ചിട്ടും അവർ അതെല്ലാം നിരസ്സിക്കുകയാണ്. എല്ലാ (ദുഷ്ട പദ്ധതികളും) ഒരു ഫലവും കൊണ്ടു വരാത്തതുതന്നെയാണ്.

ഇതു സംബന്ധമായി ഒരു സംഭവം നിങ്ങളോടു പറയാം. സഹീഹിൽ ഇസ്ലാമിലെ ഒരംഗം അഹ്മദികളാൽ ചുറ്റപ്പെട്ട ഒരു ഗ്രാമത്തിൽ ഒറ്റയ്ക്ക് കഴിയുകയായിരുന്നു. അഹ്മദികൾ പ്രശ്നങ്ങൾ സൃഷ്ടിച്ചതിനാൽ പ്രസ്തുത വ്യക്തിക്ക് വെള്ളം കിട്ടാതായി. അഹ്മദികൾ ഇപ്രകാരം ചെയ്തപ്പോൾ അദ്ദേഹം ക്ഷമ കൈകൊള്ളുകയും, അതുമൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്തു. അവരുടെ ഈ ദുഷ്ചെയ്തികളെ അദ്ദേഹം നിശബ്ദതകൊണ്ട് നേരിട്ടു. മറ്റുള്ളവരിൽ നന്നും വെള്ളം എടുക്കുന്നതിനായി അദ്ദേഹത്തിന് ദൂരെ നടന്നുപോകേണ്ടതായി വന്നു. അവർ ഇതരമതവിശ്വാസികളായിരുന്നു. വളരെ ബുദ്ധിമുട്ടി അദ്ദേഹം ദൂരെ നിന്നും വെള്ളം കൊണ്ടു വരികയുണ്ടായി. വെള്ളം കൊടുക്കാതിരുന്ന അഹ്മദികൾ പറഞ്ഞു നിങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഉപേക്ഷിച്ച്, ഞങ്ങളോടൊപ്പം തിരികെ വന്നാൽ, നിങ്ങൾക്ക് വേണ്ട സഹായങ്ങളെല്ലാം ചെയ്യാം. അതല്ല നിങ്ങൾ അതിൽതന്നെ നിന്നാൽ നിങ്ങൾക്ക് വെള്ളവും കിട്ടില്ല. ഒരു സഹായവും കിട്ടുകയില്ല. അദ്ദേഹം പറഞ്ഞു നിങ്ങൾ എന്താണോ ആഗ്രഹിക്കുന്നത് അതുപോലെ ചെയ്യുക. അദ്ദേഹം തന്റെ വിശ്വാസം കയ്യൊഴിയുവാൻ തയ്യാറല്ല എന്നും പറയുകയുണ്ടായി. നിങ്ങളറിയണം, അദ്ദേഹം വളരെ പാവപ്പെട്ടവനായ ഒരു മനുഷ്യനാണ്. അദ്ദേഹത്തിന് കുറച്ചു രൂപ, എവിടെ നിന്നെങ്കിലും കിട്ടിയാൽ, അദ്ദേഹം അതുപയോഗിച്ച് വെള്ളിയാഴ്ച ഖുത്തുബകളുടെ കോപ്പികൾ എടുക്കുന്നു. എല്ലാ വിഭാഗം ആളുകളിലേക്കും അത് വിതരണം ചെയ്യുന്നു. പ്രസ്തുത കോപ്പികൾ അഹ്മദികൾക്കും നല്കുന്നു. അദ്ദേഹം തന്റെ ദഅ്വ ഇപ്രകാരമാണ് ചെയ്യുന്നത്. അദ്ദേഹത്തിന് ഉപദ്രവം ചെയ്യുവാൻ ശ്രമിക്കുന്ന ഈ ആളുകൾക്കിടയിൽ അദ്ദേഹം ഒറ്റയ്ക്കാണ് താമസിക്കുന്നത്. ആയതിനാൽ അദ്ദേഹം ഒരു പൊതുജലസംഭരണിയിൽ നിന്ന് വെള്ളമെടുക്കുവാൻ

തുടങ്ങി. വെള്ളം എടുക്കുന്നതിൽ നിന്ന് അദ്ദേഹത്തെ അവർ അഹ്മദികൾ തടഞ്ഞപ്പോൾ മറ്റാളുകൾ അദ്ദേഹത്തെ സഹായിച്ചു. ഇപ്പോൾ അല്ലാഹു(ത)യുടെ അനുഗ്രഹത്താൽ അദ്ദേഹത്തിന്, ജലലഭ്യത വീട്ടിൽ നേരിട്ടു ലഭിക്കുകയുണ്ടായി, ജലഅതോറിറ്റിയിൽ നിന്നും ജലം നേരിൽ വീട്ടിൽ കിട്ടി തുടങ്ങിയിരിക്കുന്നു. ഏതൊരു കിണറ്റിൽ നിന്നും വെള്ളം എടുക്കേണ്ട എന്ന് അഹ്മദികൾ പറഞ്ഞുവോ, പ്രസ്തുത കിണർ ഇപ്പോൾ ഉണങ്ങി വരണ്ടിരിക്കുന്നു, അൽഹം ദുലില്ലാഹ്! നമ്മുടെ സഹോദരന് ജലം ഇപ്പോൾ നേരിട്ട് വീട്ടിൽ കിട്ടിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന് ഇനിമേൽ തടയപ്പെട്ട കിണറിലെ ജലം ആവശ്യമില്ലാതായിരിക്കുന്നു. കിണർ വറ്റി വരണ്ടപ്പോൾ, ആളുകൾ, വിശിഷ്യഅഹ്മദികൾക്ക് വെള്ളം കിട്ടാതായപ്പോൾ, അദ്ദേഹം തന്റെ വീട്ടിൽ നിന്ന് പുറത്തുവരുകയും പ്രസ്തുത കാര്യം അന്വേഷിക്കുകയും ചെയ്യുകയുണ്ടായി. എന്നിട്ട് അദ്ദേഹം അവരോട് പറയുകയുണ്ടായി. വെള്ളം നിങ്ങൾക്ക് കിട്ടുന്നതിന് നിങ്ങൾ എന്റെ ജമാഅത്തിൽ ചേരണ്ടതില്ല. നിങ്ങൾ വരു ഇവിടെ നിന്ന് വെള്ളം എടുത്തുകൊള്ളു! അവരെ അദ്ദേഹം തന്റെ വീട്ടിലേക്ക് ക്ഷണിക്കുകയും വെള്ളം തന്റെ വീട്ടിൽ നിന്നും എടുത്തുകൊള്ളാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

നിങ്ങൾ മനസ്സിലാക്കുക. നിങ്ങൾ നിങ്ങളുടെ സഹജീവിയെ ബുദ്ധിമുട്ടിക്കുവാൻ ശ്രമിക്കുമ്പോൾ, ഇസ്ലാമിലെ ഒരു സഹോദരനെ വിഷമിപ്പിക്കുവാൻ തുടങ്ങുമ്പോൾ, നിങ്ങൾ മറ്റുള്ളവർക്കായി ഒരു കെണി ഒരുക്കുമ്പോൾ അല്ലാഹു(ത) നിങ്ങളെ അതേ കുഴിയിൽ തന്നെ വീഴ്ത്തുന്നു. നമ്മെ സംബന്ധിച്ചിടത്തോളം നാം ദൃഢചിത്തരായിരിക്കുക. ക്ഷമയോടെ കാത്തിരിക്കുക നാമൊരിക്കലും അവർ ചെയ്യുന്നതുപോലെ ചെയ്യുന്നവരാകരുത്. മാനവസമുദായത്തിന്റെ മൊത്തത്തിലുള്ള ക്ഷേമം മാത്രമാണ് നമ്മുടെ ഹൃദയത്തിലുള്ളത് എന്ന് നാം അവർക്ക് പ്രവർത്തിയിലൂടെ ബോധ്യപ്പെടുത്തിക്കൊടുക്കണം. നാം മുന്നോട്ടു വെയ്ക്കുന്ന തത്വം മാനവഐക്യത്തിന് വേണ്ടിയുള്ളതാണ്. മാനവ ഏകതയ്ക്കു വേണ്ടിയുള്ളതാണ്. ഇത്തരം ശിക്ഷണമാണ് നാം ലോകത്തിന് നല്കേണ്ടത്. കാരണം നാം വിശ്വാസികളുടെ സംഘത്തിലാണുള്ളത്.

ആയതിനാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗ

ങ്ങൾ അവരുടെ പദ്ധതികളിലും, പ്രവർത്തനങ്ങളിലും, കെണികളിലും വീണുപോകരുത്. മറിച്ച് അവർ അവരുടെ തീരുമാനങ്ങളിൽ കൂടുതൽ ശക്തരായി നില്ക്കുകയാണ്. എന്നാൽ ആരാണോ നിഷ്ക്കളങ്ക ഹൃദയത്തോടെ നന്മയിൽ ഉറച്ചു നില്ക്കുന്നത് അത് അവരുടെ തന്നെ നന്മയ്ക്കു വേണ്ടിയാണ് എന്ന് തിരിച്ചറിയണം. ഈ നൂറ്റാണ്ടിൽ അവരെ സഹായിക്കുന്നത് അല്ലാഹു(ത) തന്നെയാണ്. അവരുടെ വിശ്വാസത്തെ കൂടുതൽ ശക്തമാക്കുന്നതും അവൻ തന്നെയാണ്. റൂഹുൽ ഖുദ്സുമായി അല്ലാഹു(ത)നിയോഗിച്ച വിനീത ദാസനെ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തതു അവന്റെ അനുഗ്രഹമാണ്. അല്ലാഹു(ത) അവൻ തന്നെയാണ് അദ്ദേഹത്തെ അവന്റെ ഖലീഫയായി നിശ്ചയിച്ചിരിക്കുന്നിതും.

അധർമ്മകാരികൾ തിളച്ചു മറിയുകയാണ്. കാരണം സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ അവരിലേക്ക് മടങ്ങിപോകുന്നില്ല. അതിലെ വിഗ്രഹങ്ങളെ അംഗീകരിക്കുന്നതുമില്ല. അവരുടെ എല്ലാ പദ്ധതികളും പൊട്ടിപാളീസായി പോവുകയാണ്. മറിച്ച് സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ അവരുടെ തലകൾ ഇതാ മുന്നോട്ടു വെയ്ക്കുന്നു. എന്നിട്ടവർ പറയുന്നു. നിങ്ങൾക്ക് ഞങ്ങളുടെ കഴുത്തുമുറിക്കണമെങ്കിൽ, ഞങ്ങൾ തയ്യാറാണ്. എന്നാൽ ദൈവീക ദൃഷ്ടാന്തത്തിലുള്ള ഞങ്ങളുടെ വിശ്വാസത്തെയും ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ വിനീതദാസനെയും ഞങ്ങൾ കയ്യൊഴിയുകയില്ല. ഈ പ്രഖ്യാപനം അവരുടെ വിശ്വാസത്തെ ദൃഢീകരിപ്പിച്ചിരിക്കുന്നു. വിശ്വാസത്തെ വർദ്ധിപ്പിച്ചിരിക്കുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, വിശ്വാസികളുടെ സംഘമാകുന്നു. സഹീഹിൽ ഇസ്ലാമിലെ മുഅ്മിനിങ്ങൾ പറയുന്നു. യാ അല്ലാഹ് ! ഞങ്ങൾ സന്തോഷത്തോടെ, അഭിരുചിയോടെ, അതിയായ ഇഷ്ടത്തോടെ നിന്നിലേക്ക് സ്വമേധയാ വന്നിരിക്കുന്നു.

അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തുസഹീഹിൽ ഇസ്ലാം അംഗങ്ങളുടെ അവസ്ഥ ഏതു രീതിയിലാണെന്ന് നിങ്ങൾക്കറിയാവുന്നതാണ്, അതു ദേശീയ തലത്തിലായാലും ശരി, അന്താരാഷ്ട്ര തലത്തിലായാലും ശരി, ഒരു ഖുർബാനി (രക്തസാക്ഷിത്വം) പരിശുദ്ധ കഅ്ബയുടെ സമീപത്ത് മരുഭൂമിയിൽ 4000വർഷങ്ങൾക്ക് മുൻപ് നടക്കുക

യുണ്ടായി. ഈ ഖുർബാനിയെ അല്ലാഹു(ത) എങ്ങനെയാണ് സംരക്ഷിച്ചിരിക്കുന്നതെന്നു നോക്കു! എങ്ങനെയാണ് അതിനെ അവൻ വളർത്തി വികസിപ്പിച്ചിരിക്കുന്നതെന്നും നോക്കു! ഒരു രക്തസാക്ഷിത്വത്തിലൂടെ അത് ആയിരക്കണക്കിന് രക്തസാക്ഷിത്വങ്ങളായി മാറുന്ന കാഴ്ച, എന്നാൽ ഈ രക്തസാക്ഷിത്വത്തിന്റെ ഓരോ ഭാവവും, മഹത്തായ തിളക്കത്തെ പ്രദർശിപ്പിക്കുന്നതാണ്.

മണലാരണ്യത്തിലെ ഓരോ തരിയും ആകാശത്തിലെ നക്ഷത്രങ്ങളായി തീർന്നു. ഇതേ രീതിയിലുള്ള ദൃഷ്ടാന്തകഥയായി ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞതുകാണുക. നോക്കൂ) എന്റെ അനുചരന്മാർ എങ്ങനെയാണ് നക്ഷത്രങ്ങളായി മാറുന്നതെന്ന്! അവർ ഇനി നിങ്ങളുടെ കാൽപാദങ്ങൾക്കു കീഴിൽ ഞെരിഞ്ഞമരുന്ന മണൽതരികളായിരിക്കില്ല. ചുട്ടുപഴുത്ത മണലിൽ നിന്നും കാൽവലിച്ചെടുക്കുന്നവരെ പോലായിരിക്കില്ല അവർ! ചുട്ടുപഴുത്ത മണലാരണ്യത്തിലൂടെ വലിക്കപ്പെട്ടവരും, അവരുടെ നെഞ്ചിൽ കല്ലുകൾ കയറ്റി വെയ്ക്കപ്പെടുന്നവരുമായിരിക്കില്ല. ഇപ്പോൾ അവർ എത്തിച്ചേർന്നിരിക്കുന്ന അവസ്ഥയെകുറിച്ച് നിങ്ങൾക്ക് ഊഹിക്കുവാൻ പോലും കഴിയുകയില്ല. നോക്കൂ! അല്ലാഹു(ത) അവരെ എവിടേക്കാണ് മാർഗദർശനം ചെയ്തിരിക്കുന്നതെന്ന്! നോക്കൂ ! എങ്ങനെയാണ് എന്റെ അനുചരന്മാർ നക്ഷത്രങ്ങളായി തീർന്നിരിക്കുന്നതെന്ന്! പ്രസ്തുത നക്ഷത്രങ്ങൾ, നിങ്ങൾക്കെപ്പോഴും വഴി കാണിച്ചുകൊണ്ടിരിക്കും.

ഹസ്രത് യിസ്മായീൽ(അ)ന്റെ ത്യാഗത്തിന്റെ കൊടുമുടിയാണിത്. ഇതാണ് വിശുദ്ധഖുർആൻ നമുക്ക് മനസ്സിലാക്കി തരുന്നത്. നോക്കു! എത്ര തേജോമയമായിട്ടാണ് ഈ അധ്യായം വീണ്ടും തുറക്കപ്പെട്ടിരിക്കുന്നത്, വീണ്ടും നവീകരിച്ചിരിക്കുന്നത്. ലോകമെങ്ങും ഇത് നടപ്പിലായിക്കൊണ്ടിരിക്കുന്നു. ഈ ത്യാഗത്തിന് ആളുകളില്ലാത്ത, തയ്യാറാകാത്ത ഒരു സ്ഥലവും നിങ്ങൾ കാണുകയില്ല. അത്തരം ആളുകൾ(ഖുർബാനയ്ക്ക്/ ബലി അർപ്പണത്തിന് തയ്യാറായിട്ടുള്ളവർ) എല്ലായിടത്തും (ലോകമെങ്ങും) നിങ്ങൾക്ക് കാണാം. അവർ പറയുന്നു. (ലബ്ബയ്ക്കല്ലാഹുമ്മ ലബ്ബയ്ക്ക്) (യാ അല്ലാഹ്! ഞങ്ങളിതാ ഇവിടെ) ബലി അർപ്പണത്തിന് തയ്യാറായിരിക്കുന്നു.

ഇതാണ് ഈദ് ബലിഅർപ്പണം! പ്രസ്തുത ഈദിന്റെ സന്തോഷം ഈ ത്യാഗങ്ങളുമായി ആഴത്തിൽ ബന്ധിതമാണ്. ഈ ഈദിന്റെ തത്വശാസ്ത്രം, എപ്പോഴാണോ നിങ്ങൾ നല്ലനിലയിൽ മനസ്സിലാക്കുന്നത്, അപ്പോഴാണ് ഇത് ഉൾക്കൊള്ളുന്ന എല്ലാ ത്യാഗങ്ങൾക്കം നിങ്ങൾ പൂർണ്ണമായും തയ്യാറാകുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നിങ്ങളുടെ ബലി അർപ്പണങ്ങൾ, സ്വീകരിക്കപ്പെടുന്നത്, ഇതേ നിലവാരത്തിലുള്ള തീവ്രമായ ത്യാഗങ്ങളിലൂടെയാണ്. അല്ലാതെയുള്ള വെറും രക്തവും മാംസവും കൊണ്ടുള്ള ബലിഅർപ്പണം അല്ലാഹു(ത)യ്ക്ക് ആവശ്യമില്ല. ഹൃദയങ്ങളിൽ രൂപം കൊണ്ടിരിക്കുന്ന തഖ്‌വയിലേക്കാണ്. അല്ലാഹു(ത) നോക്കുന്നത്. ഒരു മൃഗത്തെ ബലിഅർപ്പിക്കുന്നതിലൂടെയുള്ള രക്തവും മാംസവും ചീന്തുമ്പോൾ നിങ്ങളുടെ ഹൃദയം എന്താണ് ചിന്തിക്കുന്നത് എന്നതാണ് അല്ലാഹു(ത) നോക്കി കാണുന്നത്. അത്തരം തഖ്‌വ, ഹൃദയം നിറയെ അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ ആയിരിക്കും. ഈ തഖ്‌വയാണ് നിങ്ങൾ, നിങ്ങളുടെ ഹൃദയങ്ങളിൽ വളർത്തി എടുക്കേണ്ടത്! ഇത്തരം സന്ദർഭത്തിലാണ് നിങ്ങളുടെ ത്യാഗങ്ങൾ/ബലിഅർപ്പണങ്ങൾ സ്വീകരിക്കപ്പെടുന്നത്. ഈ ചിന്തയെ ഞാൻ എനിക്ക് ഏറ്റവും ഇഷ്ടമുള്ളതായി കാണുന്നു. ഞാൻ അല്ലാഹുവിൽ പ്രതീക്ഷ അർപ്പിക്കുന്നു. പ്രവർത്തിയിലൂടെ സംസാരിക്കുക, ഈ പുതു നൂറ്റാണ്ടിന്റെ നിറത്തിന്, നമ്മുടെ ത്യാഗങ്ങളിലൂടെ, മാറ്റം ഉണ്ടാകുന്നതിനായി, അവൻ നമ്മെ തുണയ്ക്കട്ടെ!

ഇന്ന് മാനവരാശിയുടെ/മാനവന്റെ മുഖത്തേക്ക് നിങ്ങൾ നോക്കുമ്പോൾ നിങ്ങൾക്കു കാണുവാൻ കഴിയുന്നത് രക്തം വറ്റിപ്പോയ ഒരു മുഖത്തെയാണ്. പ്രസ്തുത മുഖം നിങ്ങൾ മുറിച്ചാൽ, അതിൽ നിങ്ങൾ രക്തം ഒലിച്ചിറങ്ങുന്നത് കാണുകയില്ല. അവർ മരിച്ചവരാണ്. എല്ലായിടത്തും അവർ നടക്കുന്നു. ആത്മാവ് നഷ്ടപ്പെട്ടവരായി! രക്താർബുദം ബാധിച്ച ആളിന്റെ മുഖത്തേക്ക് നോക്കുക! ഇന്ന് മാനവകുലത്തിന്റെ മുഖം നിങ്ങൾക്ക് അപ്രകാരം കാണുവാൻ കഴിയുന്നതാണ്. അത്തരം ആളുകൾക്ക് ആത്മീയത എന്നൊന്നില്ല! അവരിൽ ആത്മീയതയുടെ രക്തമില്ല! മരിച്ചവരായി നടക്കുന്ന ഇത്തരം ആളുകളിലേക്ക്, നിങ്ങളുടെ ത്യാഗങ്ങളാൽ അവരുടെ ഉള്ളിലേക്ക് രക്തം പകർന്നു നല്കുക. അവരുടെ ഉള്ളിലേക്ക് ത്യാഗമാകുന്ന സത്ത നിങ്ങൾ ഊതികൊടു

ക്കേണ്ടതായിട്ടുണ്ട്. അവരിലൂടെയാണ്, ആ മരണപ്പെട്ടവരെ, ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വരുവാൻ കഴിയുക, ഇത്തരം അതിമഹത്തായ ഒരു വിപ്ലവം വാക്കുകൾകൊണ്ടു മാത്രം ഒരിക്കലും സാധ്യമാവുകയില്ല.

ഇന്ന്, അൽഹംദുലില്ലാഹ്, ഞങ്ങൾ അല്ലാഹു(ത)യ്ക്ക് നന്ദി രേഖപ്പെടുത്തുകയാണ്. വീണ്ടും വീണ്ടും ആവർത്തിച്ച് നന്ദി രേഖപ്പെടുത്തുകയാണ്. അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അവരുടെ അന്താരാഷ്ട്ര തലത്തിലെ ത്യാഗങ്ങളിലൂടെ തെളിയിച്ചിരിക്കുകയാണ് അതായത് അല്ലാഹു(ത) ഈ വിശ്വാസികളുടെ ജമാഅത്തിനെ സജ്ജനങ്ങളുടെ സംഘത്തെ അല്ലാഹു(ത) താൻ തന്നെ ഈ നൂറ്റാണ്ടിലേക്ക് തെരഞ്ഞെടുത്തിരിക്കുകയാണ്. ലോകത്ത് ഒരു ജമാഅത്ത് നിലനില്ക്കുന്നുവെങ്കിൽ, അത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം തന്നെയാണ്! പ്രസ്തുത ജമാഅത്ത് ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യുമായി ചേർന്നു നില്ക്കുന്നതാണ്. അത് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനത്തെ നവീകരിച്ചു കൊണ്ടിരിക്കുന്നു. മുല്ലാക്കൾ എന്നുപറയുന്നവർ ഇസ്ലാമിന്റെ അധ്യാപനങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് തെറ്റായ നിലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ത്യാഗങ്ങളിലൂടെ, ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനത്തിന് പുതുജീവൻ നല്കി മുഴുലോകത്തും എത്തിക്കേണ്ടതാണ്. ഇൻശാഅല്ലാഹ്

അങ്ങനെ, ഈ തത്വചിന്ത എങ്ങനെയുണ്ട്! ഈ ത്യാഗം തികച്ചും യഥാർത്ഥ്യബോധത്തോടെ വരിക്കുകയാണെങ്കിൽ, ഈ തത്വചിന്ത മഹത്തരം തന്നെ! ഈ മൃഗങ്ങളുടെ രക്തമോ മാംസമോ അല്ലാഹുവിലേക്ക് എത്തുന്നില്ല. നിങ്ങളുടെ തഖ്വയാണ് അല്ലാഹുവിലേക്ക് എത്തുന്നത്. ഈ തഖ്വയിൽ നമ്മെ എല്ലായ്പ്പോഴും അല്ലാഹു(ത) നിലനിർത്തട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആമീൻ. സുമ്മ ആമീൻ യാറബ്ബൽ ആലമീൻ!

*******ഈദ് മുബാറക്ക് *******



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*